# ജർമ്മൻ വിദേശകാര്യ വക്താവിന്റെ അഭിപ്രായ പ്രകടനത്തിൽ ഇന്ത്യ പ്രതിക്ഷേധം അറിയിച്ചു

മാർച്ച് 23, 2024

ഇന്ത്യയുടെ ആഭ്യന്തര കാര്യങ്ങളിൽ ജർമ്മൻ വിദേശകാര്യ വക്താവ് നടത്തിയ അഭിപ്രായ പ്രകടനങ്ങളിൽ ന്യൂഡൽഹിയിലെ ജർമ്മൻ ഡപ്യൂട്ടി ചീഫ് ഓഫ് മിഷനെ വിളിച്ചുവരുത്തി രാജ്യത്തിന്റെ ശക്തമായ പ്രതിക്ഷേധം അറിയിച്ചു. അത്തരം അഭിപ്രായങ്ങൾ രാജ്യത്തെ നീതിന്യായ പ്രക്രിയയിലുള്ള ഇടപെടലും നീതിന്യായ വ്യവസ്ഥയുടെ സ്വതന്ത്രമായ പ്രവർത്തനത്തിന് തുരങ്കം വയ്ക്കലുമാണ്.

നിയമവാഴ്ച നിലനിൽക്കുന്ന ഊർജ്ജസ്വലവും ശക്തവുമായ ജനാധിപത്യമുള്ള രാജ്യമാണ് ഇന്ത്യ. രാജ്യത്തെ എല്ലാ നിയമ കേസുകളിലെയും പോലെ, ജനാധിപത്യ ലോകത്തെ മറ്റെല്ലായിടത്തും ഉള്ളതുപോലെ, ബന്ധപ്പെട്ട വിഷയത്തിൽ നിയമം അതിന്റേതായ വഴി സ്വീകരിക്കും. ഇതുമായി ബന്ധപ്പെട്ട് നടത്തിയ പക്ഷപാതപരമായ അനുമാനങ്ങൾ തീർത്തും അനാവശ്യമാണ്.

**ന്യൂഡൽഹി**
**മാർച്ച് 23, 2024**